**"ഭരണഭാഷ – മാതൃഭാഷ"**

നമ്പർ. എ1/69000/2014/ഡിപിഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 8-10-2014.

## സർക്കുലർ-I

വിഷയം : പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ അദ്ധ്യാപകരുടെ അന്തർജില്ലാ-സ്ഥലംമാറ്റം 2014-15-സംബന്ധിച്ച്.

സൂചന : (1) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ2/2010/പൊ.വി.വ.തീയതി: 02-01-2010.
(2) സർക്കാർ ഉത്തരവ് (കെ) നമ്പർ 132/2014/പൊ.വി.വ തീയതി: 17-07-2014.
(3) സർക്കാർ ഉത്തരവ് (പി) നമ്പർ 124/2014/പൊ.വി.വ. തീയതി 04-07-2014.

സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്ന ജില്ലാതല കോമൺപൂളിൽ ഉൾപ്പെട്ട അദ്ധ്യാപകരിൽ നിന്നും അന്തർജില്ലാ-സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിക്കുന്നു. സർക്കാർസർവ്വീസിലുള്ള അദ്ധ്യാപകരുടെ അന്തർജില്ലാ-സ്ഥലംമാറ്റത്തിനുള്ള നിർദ്ദിഷ്ടഫാറത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളു.

31/3/2014-ന് നിലവിൽ ജോലി ചെയ്യുന്ന ജില്ലയിൽ നിലവിലെ തസ്തികയിൽ അഞ്ചുവർഷം സേവനം പൂർത്തിയാക്കിയ ജില്ലാതല കോമൺപൂളിലുൾപ്പെട്ട അദ്ധ്യാപകർക്കാണ് ഇപ്രകാരം സ്ഥലംമാറ്റത്തിന് അപേക്ഷിക്കാനുള്ള യോഗ്യതയുള്ളത്. ഹൈസ്ക്കൂൾ വിഭാഗത്തിലെ പ്രഥമാദ്ധ്യാപകർ അവർക്കു ലഭിച്ച അപേക്ഷകൾ സർവ്വീസ്പുസ്തകവുമായി ഒത്തുനോക്കി പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി അപേക്ഷകൾ നിശ്ചിതതീയതിക്കകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകേണ്ടതാണ്. എൽ.പി/യു.പി. എന്നിവ മാത്രമായിട്ടുള്ള സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ അവർക്ക് ലഭിച്ച അപേക്ഷകൾ അപേക്ഷകരുടെ സർവ്വീസ്പുസ്തകവുമായി ഒത്തുനോക്കി പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. സർക്കാർ സർവ്വീസിലുള്ള അദ്ധ്യാപകരുടെ അന്തർജില്ലാ-സ്ഥലംമാറ്റത്തിനായി നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടായിരിക്കണം വിദ്യാഭ്യാസ ഉപഡയറക്ടർമാർ കോമൺപൂളിലുള്ള അദ്ധ്യാപകരുടെ അന്തർജില്ലാസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് ശുപാർശ/സ്ഥലംമാറ്റം നൽകേണ്ടത്.

ഒരു ജില്ലയിലെ കോമൺപൂളിൽനിന്നും മറ്റൊരു ജില്ലയിലെ കോമൺ പൂളിലേക്കു മാത്രമാണ് ഈ സർക്കുലറിൻ പ്രകാരം അപേക്ഷ സ്വീകരിച്ച് നിയമനം നടത്തേണ്ടത്. കോമൺപൂളിന് പുറത്ത് സർക്കാർ സ്കൂളിലേയ്ക്കുള്ള സ്ഥലം മാറ്റത്തിന് അപേക്ഷിക്കാൻ പാടുള്ളതല്ല. സൂചന (3) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള തസ്തിക നിർണ്ണയം അനുസരിച്ചുള്ള ഒഴിവിന്റെ ആനുപാതികമായ വിഹിതമാണ് 2014-15 അദ്ധ്യയനവർഷത്തിലെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് ഒഴിവുകൾ കണക്കാക്കുന്നതിനുള്ള മാനദണ്ഡമായി സ്വീകരിക്കേണ്ടത്. കോമൺപൂളിൽ ഉൾപ്പെട്ട അദ്ധ്യാപകരുടെ അന്തർജില്ലാ-സ്ഥലംമാറ്റം നടത്തുന്നതിലേയ്ക്കുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

| | |
|---|---|
| (1) അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ നിലവിൽ ജോലി ചെയ്യുന്ന ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ട അവസാന തീയതി | 30-10-2014 |
| (2) വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ അപേക്ഷകൾ പരിശോധിച്ച് സ്ഥലംമാറ്റം ആവശ്യപ്പെട്ട ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ എത്തിക്കേണ്ട അവസാന തീയതി | 07-11-2014 |
| (3) ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ അപേക്ഷകൾ പരിശോധിച്ച് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ട തീയതി. | 12-11-2014 |

എൽ.രാജൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഇൻ ചാർജ്)

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) ബന്ധപ്പെട്ട ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്ക്(വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)
3) ബന്ധപ്പെട്ട സ്കൂൾ പ്രധാനാദ്ധ്യാപകർക്ക്(വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)
4) എ3/ബി1/ബി2 സെക്ഷൻ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.
5) ഡയറക്ടർ, ഐ.ടി.@ സ്കൂൾ(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6) ഓഫീസ് കോപ്പി.

എ.കെ.വി. 8-10-2014